1977
30/1/19

# കേരള സർക്കാർ

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 – കാലവർഷക്കെടുതിമൂലം മലപ്പുറം ജില്ലയിലെ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിന് അധിക തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **284/2019/റവ.** തിരുവനന്തപുരം, തീയതി, 29.01.2019.

==========================================

പരാമർശം:- 1. 08.12.2018-ലെ സ.ഉ. (സാധാ) നം. 5088/2018/റവ. നമ്പർ ഉത്തരവ്.

2. മലപ്പുറം ജില്ലാ കളക്ടറുടെ 10.01.2019-ലെ ജി.3-187924/2018 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയ്ക്ക്, പ്രളയം 2018 കാലവർഷക്കെടുതിമൂലം നാശനഷ്ടം സംഭവിച്ച മലയോരപ്രദേശങ്ങളിലെ വീടുകൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിനായി 23,46,00,000/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. താലൂക്കുകളിൽ നിന്നും ലഭിച്ചിട്ടുള്ള റിപ്പോർട്ട് പ്രകാരം വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി ജില്ലയിലേയ്ക്ക് 41,44,31,900/- രൂപയുടെ ഫണ്ട് ആവശ്യമായി വന്നിട്ടുണ്ടെന്നും, ധനസഹായ വിതരണത്തിനാവശ്യമായി വരുന്ന 17,98,31,900/- രൂപയുടെ അധിക ഫണ്ട് അനുവദിക്കണമെന്നും പരാമർശം (2) പ്രകാരം മലപ്പുറം കളക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയം 2018 കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിനായി 17,98,31,900/- രൂപയുടെ അധിക ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന 17,98,31,900/- (പതിനേഴ് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപ ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക മലപ്പുറം ജില്ലാ കളക്ടർക്ക്

..2/-

അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൽ. ഗീത,
സ്പെഷ്യൽ സെക്രട്ടറി.

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,
വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ധനാകാര്യം(ഫണ്ട്സ്)വകുപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindumol.K.N

സെക്ഷൻ ഓഫീസർ.